പാഠം 9

# സ്വസ്ഥതയുടെ ചലന സൗന്ദര്യം

## ശബ്ബത്ത് സായാഹ്നം

ഈ ആഴ്ച പഠനത്തിന്: ഉല്പത്തി 1; പുറ. 20:8–11; 16:14–31; ആവ. 5:12–15; സങ്കീ. 92; യെശ. 58:13.

"ഏഴാംദിവസം നിവൃത്തനായി താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ട് ദൈവം ഏഴാംദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പത്തി 2:8).

സൃഷ്ടിപ്പിൻ പ്രവൃത്തിയെ ആർക്കു സങ്കല്പിക്കുവാനാകും? അന്ധകാരത്തിൽ നടുവിൽ വെളിച്ചം, ജീവജാലങ്ങൾ നിറഞ്ഞ സമുദ്രം അന്തരീക്ഷത്തിൽ പറന്നു നടക്കുന്ന പക്ഷി ജാലങ്ങൾ എല്ലാം ചേർന്ന് എത്ര മനോഹരം! ആദാമിന്റെയും ഹവ്വായുടെയും പ്രകൃത്യാതീതസൃഷ്ടി! ഇതൊക്കെ ദൈവം എങ്ങനെ ചെയ്തുകഴിഞ്ഞുവെന്നതു നമുക്കു സങ്കല്പാതീതം!

ഇതെല്ലാം ചെയ്തുകഴിഞ്ഞശേഷം അത്ഭുതാവഹമായ മറ്റൊന്നിലേക്കു ദൈവം ശ്രദ്ധതിരിച്ചു. നീന്തിത്തുടിക്കുന്ന തിമിംഗലങ്ങളെയോ പറന്നുനടക്കുന്ന മനോഹര പറവകളെയോ പോലെ പകിട്ടേറിയതായി അത് ആദ്യകാഴ്ചയിൽ അനുഭവപ്പെടുന്നില്ല. എഴാംദിനമെന്ന ഒരു ദിവസത്തെ ദൈവം സ്ഥാപിച്ചിട്ട് അതിനെ അതിവിശേഷതയുള്ളതാക്കി. മാനവരാശി സ്വയമായി വരുത്തിവയ്ക്കുന്ന പിരിമുറുക്കങ്ങളിൽ തട്ടിവീഴുന്നതിനുമുമ്പുതന്നെ ജീവിക്കുന്ന ഒരു ഓർമ്മസ്തംഭമായി ദൈവം അതിനെ അടയാളമെന്നവണ്ണം വെച്ചു. ഒഴിഞ്ഞുമാറിനിന്നു മാനവഗണം ജീവിതം പൂർണ്ണമായി ആസ്വദിക്കേണ്ടതിന് ആ ദിവസത്തിലായിരിപ്പാനും വേലകളിൽനിന്ന് ഒഴിഞ്ഞിരിപ്പാനും സസ്യലതാദികൾ, വായു, വെള്ളം, വന്യജീവികൾ, ജനങ്ങൾ എന്നീ ദാനങ്ങൾ ആഘോഷകരമാക്കുവാനും എല്ലാറ്റിനുമുപരിയായി സകല നല്ല ദാനങ്ങളുടെയും സൃഷ്ടിതാവിനെ അടുത്തറിവാനും ആ ദിവസത്തെ ദൈവം വേർതിരിച്ചു നിർത്തി.

ആദ്യ ദമ്പതികൾ ഏദെനിൽനിന്നും തള്ളപ്പെട്ടതിനുശേഷവും ദൈവത്തിങ്കൽനിന്നുള്ള ക്ഷണം തുടർന്നുവന്നു സമയത്തിന്റെ പരിശോധനകൾ അതിജീവിക്കേണ്ടതിന് ആദിമുതൽതന്നേ ദൈവം അതിനെ സമയത്തോടു മെടഞ്ഞുചേർത്തു.

ഓരോ ഏഴാംദിനവും ദൈവത്തോടൊത്തു സ്വസ്ഥതയിലായിരിക്കേണ്ടതിനുള്ള അത്ഭുതക്ഷണത്തെക്കുറിച്ച് ഈ ആഴ്ച നാം പഠിക്കുന്നതാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ആഗസ്റ്റ് 28 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## സ്വസ്ഥതയുടെ ആമുഖം

ആദിയിൽ ദൈവം ഉണ്ടായിരുന്നു. കർത്താവായ ദൈവം അരുളിചെയ്തു. അങ്ങനെ സംഭവിച്ചു. ഇരുളിൽനിന്നു വെളിച്ചം വേർതിരിക്കപ്പെട്ടു; അന്തരീക്ഷവലയം, ആകാശം, സമുദ്രങ്ങൾ എന്നിവയെല്ലാം രണ്ടാം ദിവസം ഉളവായിവന്നു. ഉണങ്ങിയ നിലവും സസ്യലതാദികളും മൂന്നാംദിവസം നിലവിൽവന്നു. സമയത്തിന്റെ അടിസ്ഥാനഘടകങ്ങളും പ്രകൃതിവർണ്ണനയുമെല്ലാം അടുത്ത മൂന്നു ദിവസങ്ങളിലായി ഉളവാക്കി. പകലും രാത്രിയും നിയന്ത്രിക്കുന്നതിന് ആകാശത്തിൽ വെളിച്ചമായിക്കഴിഞ്ഞു. പുരാതനസംസ്കാരകഥകളിൽനിന്നെല്ലാം വ്യത്യസ്തമായി സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെല്ലാം ദേവീദേവന്മാരല്ലായെന്നു ബൈബിളിലെ സൃഷ്ടിപ്പിൽ വിവരണം വളരെ വ്യക്തമായി പ്രതിപാദിക്കുന്നു. ഇവയൊക്കെ ആകാശത്തിൽ ദൃശ്യമായതു നാലാം ദിവസം മാത്രം. അവയൊക്കെ സൃഷ്ടിതാവിന്റെ വാക്ക് അനുസരിക്കുന്നു. അഞ്ചും ആറും ദിവസങ്ങളിലെ സൃഷ്ടിപ്പിൻ വിവരണം മോശെ നടത്തുന്നതു ജീവനും ഭംഗിയും നിറഞ്ഞിരിക്കുന്ന വിധത്തിലാണ്. പക്ഷികൾ, മത്സ്യങ്ങൾ, കരയിലെ മൃഗങ്ങൾ എന്നിവയെല്ലാം അവയ്ക്കൊക്കെ ദൈവം ഒരുക്കിയ സ്ഥലം നിറച്ചുകഴിഞ്ഞു (ഉല്പത്തി 1:20–31).

സൃഷ്ടിപ്പിനെ സംബന്ധിക്കുന്ന ദൈവത്തിന്റെ വിലയിരുത്തൽ എന്തു സൂചിപ്പിക്കുന്നു? ഉല്പത്തി 1:1–31 വായിക്കുക.

ഇതു ദൈവം സൃഷ്ടിച്ച വെറുമൊരു പ്രപഞ്ചഭാഗം മാത്രമല്ല; അതിപരിപൂർണ്ണതയേറിയ ഒരു സ്ഥലമായിരുന്നു അത്. ജീവജാലങ്ങളാൽ ഭൂമി നിറഞ്ഞിരുന്നു. ഒരു മോഹന സ്വരധ്വനിപോലെ ഓരോ ദിവസത്തെയും സൃഷ്ടി കഴിഞ്ഞു "നല്ലത്" എന്ന പല്ലവി ദൈവം ആവർത്തിച്ചുകൊണ്ടിരുന്നു.

ലോകത്തിലെ മറ്റു സൃഷ്ടികളിൽനിന്നു വ്യത്യസ്തമായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ഏതു പ്രത്യേകരീതിയിലായിരുന്നു? ഉല്പത്തി 1:26; 2:7, 21–24 വായിക്കുക.

ദൈവം കനിഞ്ഞു ചെളി കുഴച്ചു. ദൈവസാദൃശ്യത്തിലും പ്രതിരൂപത്തിലുമുള്ള മനുഷ്യസൃഷ്ടി അടുപ്പത്തിന്റെയും ഗാഢസൗഹൃദത്തിന്റെയും ഒരു ദൃഷ്ടാന്തപാഠമാണ്. ദൈവം കനിഞ്ഞ് ആദാമിന്റെ മൂക്കിൽ ജീവശ്വാസം ഊതി, അവൻ ജീവനുള്ളവനായി എഴുന്നേറ്റു. ആദാമിന്റെ വാരിയെല്ലിൽനിന്നുള്ള ഹവ്വായുടെ സൃഷ്ടി അന്നത്തെ മറ്റൊരു പ്രധാനപ്പെട്ട അടിസ്ഥാനഘടകമാണ്. മനുഷ്യവംശത്തിനുവേണ്ടിയുള്ള ഒരു പ്രത്യേക രൂപകല്പന ആയിരുന്നു വിവാഹം. പുരുഷനും സ്ത്രീയും (നരനും നാരിയും "ish and ishshah") താൻ സൃഷ്ടിച്ചുണ്ടാക്കിയ സർവ്വവും ആറാം ദിവസ അവസാനം നോക്കിയശേഷമുള്ള ദൈവത്തിന്റെ സ്വരപല്ലവി വേറൊരു തരത്തിലായിരുന്നു: "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്നുകണ്ടു" ഉല്പത്തി 1:31.

ദൈവവചനം ഉപേക്ഷിച്ചുകൊണ്ടു മനുഷ്യർ പഠിപ്പിക്കുന്ന സൃഷ്ടിപ്പിൻ ചരിത്രം എത്രമാത്രം അടിസ്ഥാനപരമായിത്തന്നെ വ്യത്യസ്തമായിരിക്കുന്നുവെന്നു നോക്കുക. സത്യം ഗ്രഹിക്കേണ്ടതിനു നാം എന്തുമാത്രം തിരുവചനത്തിൽ ആശ്രയിക്കേണ്ടതുണ്ടെന്ന് ഇതു നമ്മോട് എന്തുപറയുന്നു?

## സ്വസ്ഥതക്കുള്ള ആഹ്വാനം

സൃഷ്ടി "എത്രയും നല്ലതു" തന്നെയെങ്കിലും അപ്പോഴുമതു പൂർണ്ണമായിരുന്നില്ല. ദൈവത്തിന്റെ സ്വസ്ഥതയോടുകൂടെ സൃഷ്ടിപ്പ് അവസാനിക്കുകയും ഏഴാംദിനത്തെ വിശുദ്ധശബ്ബത്തായി അതിനു പ്രത്യേക അനുഗ്രഹം പകരുകയും ചെയ്തു." താൻ സൃഷ്ടിച്ചുണ്ടാക്കിയ സകലപ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പത്തി 2:3).

ദൈവസൃഷ്ടിയുടെ ഭാഗവും അംശവും തന്നെയാണു ശബ്ബത്ത്. അതു വാസ്തവത്തിൽ സൃഷ്ടിയുടെ മൂർദ്ധന്യവും ഉച്ഛസ്ഥാനവും തന്നെ. ദൈവം സ്വസ്ഥത സൃഷ്ടിച്ചു. അന്ന് ആദാമും ഹവ്വയും അടങ്ങുന്ന കാതലായിരുന്നു മനുഷ്യവംശം. തങ്ങളുടെ ദൈനംദിന വേലകളിൽനിന്നെല്ലാം ഒഴിഞ്ഞു സൃഷ്ടികർത്താവിന്റെ സമീപം ആയിരിക്കേണ്ടതിനു ദൈവം അതിനെ സ്ഥാപിച്ചു. നിർഭാഗ്യവശാൽ ഈ ലോകത്തിൽ പാപം കടന്നുവരികയും സകലവും മാറ്റപ്പെടുകയും ചെയ്തു. ദൈവത്തോട് അഭിമുഖമായുള്ള സമ്പർക്കവും നഷ്ടമായി. വേദനപ്പെട്ടുള്ള പ്രസവങ്ങളും കഠിനാദ്ധ്വാനവും തകർന്നു മുറിഞ്ഞുപോയ ബന്ധങ്ങളും എന്നിങ്ങനെ സകലവും സംജാതമായി. വീഴ്ചഭവിച്ച ഈ ലോകത്തിൽ നാം എപ്പോഴും കാണുന്ന മഹാസങ്കടങ്ങളുടെ മടുപ്പിക്കുന്ന പട്ടികനോക്കുക. എന്നാലും ഇതിന്റെയെല്ലാം മദ്ധ്യേ നമ്മുടെ സൃഷ്ടിസ്മാരകമായും പുതിയ സൃഷ്ടി ഉണ്ടായിവരുമെന്നുള്ള വാഗ്ദത്ത പ്രത്യാശയായും ശബ്ബത്തു നിലനില്ക്കുന്നു. പാപത്തിനു മുമ്പ് മനുഷ്യന് ആ ശബ്ബത്തു സ്വസ്ഥത ആവശ്യമായിരുന്നെങ്കിൽ അതിനുശേഷം ഇന്നും അത് എത്രമാത്രം അത്യാവശ്യമായിരിക്കുന്നു.

അതിനു അനേകവർഷങ്ങൾക്കുശേഷം ദൈവം തന്റെ ജനത്തെ മിസ്രയീമ്യ അടിമത്വത്തിൽനിന്നു വിടുവിച്ചുകൊണ്ടുവരുന്ന വഴിയിലും ഈ പ്രത്യേക ദിവസത്തെപ്പറ്റി അവരെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു പുറ. 20:8–11 വായിക്കുക.

ഈ കല്പന തന്നുകൊണ്ടു നമ്മുടെ ആരംഭം എവിടെനിന്ന് എങ്ങനെയെന്ന് ഓർമ്മിപ്പാൻ ദൈവം വിളിക്കുന്നു. അനേകർ വിശ്വസിക്കുന്നതിനു വിപരീതമായി നാം വെറും തണുത്തുറഞ്ഞ് അശ്രദ്ധരായ അന്ധകാരശക്തികളുടെ സന്ദർഭവശാലുള്ളവരല്ലായെന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനെല്ലാം ഘടകവിരുദ്ധമായി അത്യുന്നത ദൈവത്തിന്റെ പ്രതിരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ് നമ്മാൾ. ദൈവത്തോടു കൂട്ടായ്മ പുലർത്തുന്നതിനു നാം സൃഷ്ടിക്കപ്പെട്ടു. വിലയില്ലാത്ത അടിമകാളായി യിസ്രായേല്യർ ഒരുനാൾ കണക്കാക്കപ്പെട്ടതു വിഷയമല്ല. ദൈവത്തിന്റെ പ്രതിഛായയിൽതന്നെയാണവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് പ്രത്യേകമായി ഓർക്കുവാൻ ശബ്ബത്തുതോറുമവർ വിളിക്കപ്പെട്ടു. "സൃഷ്ടിപ്പിൻ പ്രവർത്തന സ്മരണാർത്ഥം ശബ്ബത്ത് ക്രിസ്തുവിൽ സ്നേഹത്തിന്റെയും ശക്തിയുടെ ആധിക്യത്തിന്റെയും അടയാളമാണ്" DA, P. 281.

ആറുദിന സൃഷ്ടിയെന്ന തത്വത്തിന്റെ പ്രാധാന്യം ചിന്താവിഷയമാക്കുക. ആഴ്ചതോറും നമ്മുടെ ജീവിതത്തിന്റെ ഏഴിൽ ഒരു ഭാഗം മാറ്റമില്ലാതെ ഓർത്തുകൊണ്ടു ദൈവത്തിങ്കലേയ്ക്കു കല്പന എത്ര പ്രധാനമാണ്? ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്ന പ്രകാരം നമ്മുടെ യഥാർത്ഥ ഉറവിടം അംഗീകരിപ്പാൻ തന്നിരിക്കുന്ന ഈ വസ്തുത നമ്മെ എന്തു പഠിപ്പിക്കുന്നു?

## പുതിയ സാഹചര്യങ്ങൾ

നാല്പതുവർഷം മരുഭൂമിയിൽ ചുറ്റിത്തിരിഞ്ഞശേഷം മിസ്രയീമിലെ ഓർമ്മകൾ അധികമില്ലാത്ത ഒരു തലമുറ വളർന്നുവന്നു. അവരുടെ മാതാപിതാക്കളിൽനിന്നു വ്യത്യസ്തമായ അനുഭവങ്ങളുള്ള ഒരു ജീവിതം അവർക്കുണ്ടായിരുന്നു. മാതാപിതാക്കൾക്കു തുടർച്ചയായുണ്ടായ വിശ്വാസരാഹിത്യവും അതു നിമിത്തം അവർ മരുഭൂമിയിൽ ചത്തൊടുങ്ങിയതുമെല്ലാം ഈ പുതുതലമുറയ്ക്കു സാക്ഷ്യമായുണ്ട്.

അവരുടെ കൂടാരമദ്ധ്യത്തിൽ വിശുദ്ധനിവാസം സ്ഥിതിചെയ്യുന്നതും അതിനുമുകളിൽ ദൈവസാന്നിദ്ധ്യം ഓർമ്മപ്പെടുത്തുന്ന മേഘസ്തംഭവും എല്ലാം അവർക്ക് അവകാശമായി കാണപ്പെടുന്നുണ്ട്. അതു നീങ്ങുമ്പോൾ അവർക്കും പിന്തുടരേണ്ടതാണെന്ന് അവർക്കറിയാം. പകൽ തണലേകുന്ന മേഘസ്തംഭവും രാത്രി വെളിച്ചത്തോടൊപ്പം ചൂടും നല്കുന്ന അഗ്നിസ്തംഭവും ദൈവസ്നേഹത്തിന്റെയും സംരക്ഷണയുടെയും എപ്പോഴുമുള്ള ഓർമ്മപ്പെടുത്തലാണ്.

ശബ്ബത്തു സ്വസ്ഥതയുടെ വ്യക്തിപര ഓർമ്മപ്പെടുത്തലായി മറ്റെന്തുകൂടെ അവർക്കുണ്ട്? പുറ. 16:14–31 വായിക്കുക.

സീനായിമലയിൽ വെച്ച് ദൈവം കല്പനകൾ എഴുതിക്കൊടുക്കുന്നതിനുമുമ്പു മുതൽതന്നെ ഏഴാംദിന ശബ്ബത്തു നിലനിന്നിരുന്നതായി ഇതെല്ലാം നമ്മെ അറിയിക്കുന്നു. ഇത് ഇന്നു കാണപ്പെടുന്ന ജനപ്രിയ മതങ്ങൾക്കു വിപരീതമാണ്.

ഇവിടെ എന്തു സംഭവിക്കുന്നു?

ദൈവം നൽകിക്കൊണ്ടിരുന്ന ഈ ഭക്ഷണം സൃഷ്ടികർത്താവു തന്റെ സൃഷ്ടിയെയെല്ലാം സംരക്ഷിക്കുന്നു എന്നു വെളിവാക്കുന്നു. എല്ലാവർക്കും ദൃശ്യമായ വിധം ദൈവം അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. വിചിത്രരീതിയിൽ രാവിലെ അതു ദൃശ്യമാകയും വെയിലാകുമ്പോൾ അപ്രത്യക്ഷമാകയും ചെയ്തിരുന്നു. ആരെങ്കിലും പിറ്റേന്നാളേക്കു സൂക്ഷിക്കുകയാണെങ്കിൽ അതു കൃമിച്ചുനാറുമായിരുന്നു. ഓരോ വെള്ളിയാഴ്ചയും ഇരട്ടിയായി അതു കാണപ്പെടുകയും പിറ്റേന്നാളെത്തെ ശബ്ബത്തിനായി സൂക്ഷിക്കുന്നതു പുതിയതുപോലെതന്നെ ഇരിക്കയും ചെയ്തിരുന്നു.

യിസ്രായേല്യർക്ക് ഇപ്പോൾ വിശുദ്ധകൂടാര ശുശ്രൂഷയുമായി അതിന്റെ നിയമങ്ങളും നിബന്ധനകളുമെല്ലാം ലേവ്യപുസ്തകത്തിലും സംഖ്യാപുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും വൃദ്ധനായ മോശെ ജനത്തെയെല്ലാം കൂട്ടിവരുത്തി അവരുടെ നിയമങ്ങൾ ഒന്നുകൂടെ ഓർമ്മപ്പെടുത്തുകയും ചെയ്തു (ആവ. 5:6–22 കാണുക).

കനാൻ കടക്കുന്നതിന് അതിന്റെ അതിരിങ്കലെത്തി നില്ക്കുന്ന ജനം മറക്കാതിരിക്കേണ്ടതിനു പത്തു കല്പനകൾ പിന്നെയും ആവർത്തിക്കുന്നു.

നാം മരിച്ചുകഴിഞ്ഞ് ഏതാനും നിമിഷങ്ങൾക്കുള്ളിൽ യേശുവിന്റെ വീണ്ടും വരവുണ്ടാകുമെന്നതു നമ്മുടെ വ്യക്തിപര അനുഭവത്തിൽ എങ്ങനെയാണ്? ആയതിനാൽ മടങ്ങിവരവ് സങ്കല്പിക്കാവുന്നതിലുംഅടുത്തതാണ്. നമുക്കുവേണ്ടി ദൈവം ചെയ്തതുമാത്രമല്ല തന്റെ മടങ്ങിവരവിൽ ചെയ്വാനിരിക്കുന്നതും ശബ്ബത്താചരണം നമ്മെ എങ്ങനെ ഓർമ്മപ്പെടുത്തുന്നു?

## സ്വസ്ഥതക്കു മറ്റൊരു കാരണം

യോർദ്ദാന്റെ കിഴക്കായിരുന്നു ഇപ്പോൾ യിസ്രായേൽ കൂടാരം. ബാശാൻ രാജാവിന്റെയും അമോന്യരുടെ രണ്ടു രാജാക്കന്മാരുടെയും ദേശങ്ങൾ അവരിപ്പോൾ കൈവശമാക്കിക്കഴിഞ്ഞു. ദൈവം സീനായിയിൽ പ്രഖ്യാപിച്ച തന്റെ ഉടമ്പടി പിതാക്കന്മാർക്കുവേണ്ടി മാത്രമല്ല, അവർക്കും കൂടെയതു ബാധകമാണെന്ന് അവരെ ഓർമ്മപ്പെടുത്തേണ്ടതിന് മോശെ വീണ്ടും അവരെ ഈ നിർണ്ണായക നിമിഷം ഒരുമിച്ചു കൂട്ടി. അവരുടെ നന്മയ്ക്കുവേണ്ടി പത്തുകല്പന വീണ്ടുമവൻ ആവർത്തിച്ചു.

പുറ. 20:8–11; ആവ. 5:12–15 താരതമ്യപ്പെടുത്തുക. ഇതിൽ രണ്ടിലും ശബ്ബത്തു കല്പന പ്രകാശിപ്പിക്കുന്നതിലെ വ്യത്യാസം എന്താണ്?

പുറ. 20:8 ൽ "ഓർക്ക" എന്ന വാക്കിലും ആവർത്തനം 5:12 ൽ "ശുദ്ധീകരിച്ച് ആചരിക്ക" എന്ന വാക്കിലും അതു കാണപ്പെടുന്നു. "ഓർക്ക" എന്ന വാക്കും അല്പം താമസിച്ചാണ് കാണുന്നത് (ആവ. 5:15). ഈ വാക്യത്തിൽ യിസ്രായേല്യർ അടിമകളായിരുന്നെന്ന് അവർ ഓർക്കണമെന്ന് ആവശ്യപ്പെടുന്നു. ഇപ്പോഴത്തെ തലമുറ സ്വതന്ത്രരായി വളർന്നവരാണെങ്കിലും അത്ഭുതവിടുതൽ അവർക്കില്ലായിരുന്നെങ്കിൽ അവരും അടിമത്വത്തിൽത്തന്നെ ഇപ്പോഴും ആയിരിക്കുമായിരുന്നു. സൃഷ്ടിപ്പിൽ സമയം പ്രവർത്തിച്ച അതേ ദൈവംതന്നെ ഇപ്പോഴും അവരുടെ വിടുതലിൽ പ്രവർത്തിച്ചിരിക്കുന്നു എന്നു ശബ്ബത്തുകല്പന ഓർമ്മപ്പെടുത്തുന്നു. "നീ മിസ്രയീം ദേശത്ത് അടിമയായിരുന്നു എന്നും അവിടെനിന്നു നിന്റെ ദൈവമായ യഹോവ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക" (ആവ. 5:15).

നാല്പതുവർഷത്തെ മരുഭൂപ്രയാണശേഷം ആദ്യതലമുറ ദയനീയമായി പരാജയപ്പെട്ടുകഴിഞ്ഞപ്പോൾ ഈ ജനം വാഗ്ദത്തനാടിന്റെ അതിരിങ്കൽ നില്ക്കുന്നേരം ഈ സത്യം ഓർമ്മിക്കുന്നതു വളരെ യോജിച്ചതായിരിക്കുന്നു. അവരുടെ പിതാക്കന്മാർ മിസ്രയീമിൽനിന്നു രക്ഷപ്പെട്ടെങ്കിലും വഴിമദ്ധ്യേ പരാജയപ്പെട്ടതുപോലെ ഈ തലമുറയിലും കനാൻനാടു കീഴടക്കാൻ നിസ്സഹായരാണ്. "നീട്ടിയ ഭുജംകൊണ്ടും ബലമുള്ള കൈകൊണ്ടും" പ്രവർത്തിക്കുന്ന ദൈവത്തെയാണവർക്കാവശ്യം.

ഇവിടെ മറ്റൊരു അളവുകോൽകൂടെ ശബ്ബത്തിനോടു കൂട്ടിച്ചേർക്കുന്നു. ദൈവം സ്വാതന്ത്ര്യത്തിന്റെ ദൈവമാകയാൽ യിസ്രായേൽ അത് ആചരിക്കണം (ആവ. 5:15).

അത് ആചരിക്കേണ്ടതിന്റെ മറ്റൊരു കാരണം കൂടെ പറയുന്നുണ്ടെങ്കിലും ശബ്ബത്തു കല്പന സൃഷ്ടിപ്പിൽനിന്ന് അകലെയല്ല. ഉല്പത്തി സൃഷ്ടിപ്പിൻ ചരിത്രംപോലെതന്നെ മിസ്രയീമിൽനിന്നുള്ള യിസ്രായേലിന്റെ വിടുതലും ഒരു പുതു സൃഷ്ടിക്ക് ആരംഭം ഇടുകയാണ്. വീണ്ടെടുക്കപ്പെട്ട ജനമെന്ന നിലയിൽ യിസ്രായേൽ ദൈവത്തിന്റെ പുതിയ സൃഷ്ടിയാണ് (യെശ. 43:15 കാണുക). പാപത്തിന്മേലുള്ള സ്വാതന്ത്ര്യത്തിന് അടയാളമായി പുറപ്പാട് അല്ലെങ്കിൽ വീണ്ടെടുപ്പു കാണപ്പെടുന്നതുപോലെ സൃഷ്ടിപ്പിനും വീണ്ടുടുപ്പിനും അടയാളമാണ് ശബ്ബത്ത്. വളരെ വ്യക്തമായ വിധം സൃഷ്ടി കർത്താവും വീണ്ടെടുപ്പുകാരനുമായ യേശുവിനെ ശബ്ബത്തു ചൂണ്ടിക്കാണിക്കുന്നു.

യോഹ. 1:1–13 വായിക്കുക. യേശുവിനെ നമ്മുടെ സൃഷ്ടികർത്താവും വീണ്ടെടുപ്പുകാരനുമായി ഈ വാക്യങ്ങൾ നമ്മെ എങ്ങനെ പഠിപ്പിക്കുന്നു?

## ശബ്ബത്താചരണം

തന്റെ ജനം ശബ്ബത്ത് ആചരിക്കണമെന്നു ദൈവം കല്പന കൊടുക്കുന്നു. കൊല ചെയ്യരുതെന്നും മോഷ്ടിക്കരുതെന്നുമെല്ലാം പോലെതന്നെ ശബ്ബത്ത് ആചരിപ്പാൻ നാം ഓർക്കണമെന്നു പറയുന്നു. അത് എപ്രകാരം നാം ആചരിക്കണമെന്നുള്ള വിശദഘടകങ്ങളൊന്നും തിട്ടമായി തിരുവെഴുത്തു തരുന്നില്ല.

ശബ്ബത്തിൽ നാം രൂപീകരിച്ചു പ്രോത്സാഹിപ്പിക്കുന്ന മാനസിക അന്തരീക്ഷം എപ്രകാരമുള്ളതായിരിക്കണം? സങ്കീ. 92; യെശ. 58:13 എന്നിവ കാണുക.

സൃഷ്ടിപ്പിനെയും വീണ്ടെടുപ്പിനെയും പ്രശംസാലങ്കാരമാക്കുന്നതാണു ശബ്ബത്താചരണം. അതിന്റെ അന്തരീക്ഷം ക്രിസ്തുയേശുവിൽ ആനന്ദവും സന്തോഷവും നിറഞ്ഞതായിരിക്കണം. ഒരിക്കലും ഇരുളുമൂടിയതാകരുത്.

ശബ്ബത്ത് ഏഴാം നാളിലല്ലാ ആരംഭിക്കുന്നതെന്ന് ഓർത്തുകൊള്ളേണ്ടതാണ്. സൃഷ്ടിപ്പിൻവാരത്തിന്റെ പൂർത്തീകരണമായ ആദ്യശബ്ബത്തുപോലെ നാം എല്ലായ്പോഴും "ശബ്ബത്തുനാളിനെ ഓർത്തു"കൊണ്ടു ദിനന്തോറുമുള്ള പ്രവർത്തനങ്ങളെ ക്രമീകരിച്ചു ശബ്ബത്തുവന്നെത്തുമ്പോൾ സ്വസ്ഥതയിൽ വിശുദ്ധരായിരിക്കേണ്ടതിന് ഒരുക്കത്തിൽത്തന്നെ ആയിരിക്കണം. മറ്റു ദിവസങ്ങളിൽ മനഃപൂർവ്വം ഒരുങ്ങിക്കൊണ്ടും ഒരുക്കനാളായ വെള്ളിയാഴ്ച പ്രത്യേകമായും ഒരുങ്ങി (മർക്കൊ. 15:42) ഈ പ്രത്യേകദിനത്തിന്റെ സന്തോഷത്തിലേക്കു പ്രതീക്ഷയോടിരിക്കണം.

ശബ്ബത്താചരണത്തിന്റെ പ്രത്യേക പ്രാധാന്യം എന്ത്? ലേവ്യ. 19:3 എടുത്തുപറയുന്നു.

നമ്മുടെ കുടുംബാംഗങ്ങളും സ്നേഹിതരുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനെയും ശബ്ബത്താചരണം അർത്ഥമാക്കുന്നുണ്ട്. കുടുംബത്തിലെ എല്ലാവരുമായുള്ള കൂട്ടായ്മാബന്ധത്തോടുകൂടെ വേലക്കാരും മൃഗസമ്പത്തുമെല്ലാം ഒരുമിച്ച് ശബ്ബത്തിന്റെ സന്തോഷത്തിൽ പങ്കെടുക്കേണ്ടതാണ് (പുറ. 20:8-11 കാണുക). ശബ്ബത്തും കുടുംബവും ഒരുമിച്ചുള്ളതുതന്നെ സ്വസ്ഥതയും കുടുംബത്തിൽ ചെലവഴിക്കേണ്ട സമയവും പ്രധാനതത്വങ്ങളാണെങ്കിലും സഭ കുടുംബമായി ഒത്തൊരുമിച്ചുള്ള ദൈവാരാധനയും ശബ്ബത്താചരണം അർത്ഥമാക്കുന്നു. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ ആരാധനകളിൽ പങ്കെടുക്കുകയും നടത്തിക്കുകയും ചെയ്തിരുന്നു (ലേവ്യ. 23:3; ലൂക്കൊസ് 4:16; എബ്രാ. 10:25).

നമ്മുടെ ദൈനംദിന പ്രവർത്തനങ്ങളും പരിപാടികളും തിരക്കേറിയവയാണെങ്കിലും സൃഷ്ടികർത്താവുമായുള്ള ബന്ധം ശക്തിപ്പെടുത്തേണ്ടതിനു യഥാർത്ഥ ശബ്ബത്തു സ്വസ്ഥതയ്ക്കായി നാം വാഞ്ഛിച്ചുകൊണ്ടിരിക്കുന്നു. സകലവ്യാപാര വാണിജ്യപരിപാടികളും ആസൂത്രണങ്ങളുമെല്ലാം അവസാനിപ്പിച്ച് ദൈവത്തോടുള്ള ബന്ധത്തിൽ ആയിത്തീർന്നുകൊണ്ടു ശബ്ബത്തു സ്വസ്ഥത അനുഭവിക്കണം.

ശബ്ബത്താചരണത്തിൽ നിങ്ങൾക്കുണ്ടായ അനുഭവ പശ്ചാത്തലപ്രകാരം അതിന്റെ അനുഗ്രഹങ്ങൾ എന്തെല്ലാം? അതിന്റെ പരിശുദ്ധസമയം കൂടുതൽ ഫലപ്രദമാക്കാൻ എന്തൊക്കെ നിങ്ങൾക്കു ചെയ്യുവാനാകും?

## കൂടുതൽ ആശയങ്ങൾ:

"ദൈവത്തിന്റെ കൈവേലകൾ വ്യക്തതയോടെ ഗ്രഹിച്ചറിയേണ്ടതിനു ദൈവം തന്റെ സൃഷ്ടിപ്പിൽ ശക്തി വെളിപ്പെടുത്തിക്കൊണ്ട് സൃഷ്ടിയുടെ പ്രവർത്തനങ്ങൾകണ്ടു സൃഷ്ടിതാവിനു മഹത്വം കൊടുക്കേണ്ടതിനു തന്നേ... മറ്റെല്ലാ ദിവസങ്ങളെക്കാളുമധികം നമുക്കുവേണ്ടി ദൈവം പ്രകൃതിയിൽ എഴുതിയിരിക്കുന്ന ദൂതുകൾ അന്നു പഠിക്കേണ്ടതാണ്. പ്രകൃതിയുടെ ഹൃദയത്തിങ്കലേക്കു നാം അടുക്കുമ്പോൾ അതിൽ ക്രിസ്തു സാന്നിദ്ധ്യം യാഥാർത്ഥ്യമാകയും തന്റെ സമാധാനവും സ്നേഹവും താൻ നമ്മോടു സംഭാഷിക്കുകയും ചെയ്യുന്നു" COL, PP. 25,26.

"ദൈവം യിസ്രായേല്യരെ മിസ്രയീമ്യ അടിമത്വത്തിൽനിന്നു വീണ്ടെടുത്തതിന്റെ പ്രധാനകാരണങ്ങളിൽ ഒന്ന് അവർ ശബ്ബത്തുനാൾ വിശുദ്ധമായി പാലിക്കണമെന്നുള്ളതുകൊണ്ടാണ്. "നിങ്ങൾ അവരെ അവരുടെ ഊഴിയവേല മിനക്കെടുത്തുന്നു" (പുറ. 5:5) എന്നു ഫറവോൻ പറഞ്ഞതുകൊണ്ടു മോശെയും അഹരോനും കൂടെ ശബ്ബത്തിന്റെ പരിശുദ്ധിയെക്കുറിച്ചു വീണ്ടുംവീണ്ടും അവരെ പഠിപ്പിക്കുന്നു. മോശെയും അഹരോനും ചേർന്നു മിസ്രയീമിൽ ഒരു ശബ്ബത്തു നവീകരണം നടത്തുന്നത് ഇതിൽ വ്യക്തമാണ്.

"ശബ്ബത്താചരണം മിസ്രയീമിലെ അവരുടെ അടിമത്വത്തിന്റെ ഓർമ്മപ്പെടുത്തലല്ല. സൃഷ്ടിപ്പിന്റെ ഓർമ്മ പുതുക്കിക്കൊണ്ടുള്ള അതിന്റെ ആചരണം മിസ്രയീമിൽ ശബ്ബത്താചരണം പ്രയാസമാക്കിയപ്പോൾ നേരിട്ട മതപീഡനത്തിന്റെയും അതിൽനിന്ന് അവർക്കുണ്ടായ വിടുതലിന്റെയും സന്തുഷ്ടകരമായ ഓർമ്മപുതുക്കൽകൂടെയാണ്. അതേപ്രകാരം സാധുക്കളോടും കഷ്ടപ്പെടുന്നവരോടും പിതാക്കന്മാരില്ലാത്തവരോടും വിധവകളോടും അവർക്കു ഹൃദയത്തിന്റെ ആഴത്തിൽനിന്ന് മൃദുലപരിഗണന വേണ്ടതാണെന്നും അടിമത്വത്തിൽനിന്നുള്ള അവരുടെ വിടുതൽ ആവശ്യപ്പെടുന്നു" FEP, P. 549.

## ചർച്ചാചോദ്യങ്ങൾ

1. **ചില ക്രിസ്ത്യാനികൾ, പലപ്പോഴും അഡ്വന്റിസ്റ്റുകളുമടക്കം അദ്വൈതപരിണാമസിദ്ധാന്തത്തിൽ വിശ്വസിച്ച് അതിനെ സൃഷ്ടിപ്പുമായി യോജിപ്പിച്ചു വിശദീകരിക്കാറുണ്ട്. അദ്വൈത പരിണാമവാദവും സെവന്ത്ഡേ അഡ്വന്റിസവും തമ്മിൽ യോജിക്കയില്ലായെന്നു ശബ്ബത്ത് എങ്ങനെ കാണിച്ചുതരുന്നു? സൃഷ്ടിച്ചുകഴിഞ്ഞിട്ടു കോടാനുകോടി വർഷങ്ങളായെന്നുള്ള ഈ പഠിപ്പിക്കലിനെ തള്ളിക്കളഞ്ഞുകൊണ്ട് ആദ്യ ആറു ദിവസ സൃഷ്ടിക്കുശേഷമുള്ള ഏഴാംദിനമെന്ന ശബ്ബത്തിനെ പ്രമാണിക്കുന്നതിൽ എന്ത് ഉദ്ദേശ്യം സാക്ഷാത്കരിക്കപ്പെടുത്തിത്തരുന്നു?**

2. **ദിവസത്തിനു പ്രത്യേകതയില്ലായെന്നും ഏതെങ്കിലും ദിവസം സ്വസ്ഥമായിരുന്നാൽ മതിയെന്നുമുള്ള വാദഗതിയോടു നിങ്ങൾ എങ്ങനെ പ്രതികരിക്കും? യേശുവാണു നമ്മുടെ ശബ്ബത്തു സ്വസ്ഥതയെന്നും ദിവസത്തിനൊന്നും സ്വസ്ഥത ആവശ്യമില്ലായെന്നും പറയുന്നവരോടു നിങ്ങൾ എന്തുത്തരം പറയും?**

3. **ശബ്ബത്തു വിശുദ്ധമായി ആചരിക്കുന്നതു സ്വാതന്ത്ര്യത്തിന്റെയും വിടുതലിന്റെയും ഓർമ്മ പുതുക്കലായിരിക്കുന്നതെങ്ങനെ? ഇതിൽ കർശനത്വത്തിന്റെയും നിയമസിദ്ധാന്തത്തിന്റെയും സാദ്ധ്യത എങ്ങനെ നമ്മൾ ഒഴിവാക്കും?**

4. **സ്വർഗ്ഗത്തിലേക്കു കടക്കുവാനുള്ള സ്വയപരിശ്രമമാണു ശബ്ബത്താചരണമെന്നു ചിലർ പറയാറുണ്ട്. ഏഴാംദിന സ്വസ്ഥത പാലിക്കുന്നതു പ്രവൃത്തികൊണ്ടു സ്വർഗ്ഗപ്രാപ്തിക്കു ശ്രമിക്കുന്നതാണെന്നുള്ളതിൽ എന്തു ന്യായവാദമാണുള്ളത്?**